(77)

RCS/6279/2020-CLT(3)

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം,തീയതി : 31/12/2020

# സർക്കുലർ നമ്പർ - 83/2020

വിഷയം :- സഹകരണ വകുപ്പ് - കേരള സർക്കാരിന്റെ - 100 ദിന കർമ്മ പരിപാടി - രണ്ടാം ഘട്ടം- സഹകരണ മേഖലയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതി രണ്ടാം ഘട്ടം.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ, കേരള ബാങ്കിന്റെ 769 ശാഖകൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 10,000 തൊഴിൽ ഉറപ്പാക്കുകയാണ് രണ്ടാം ഘട്ട പദ്ധതിയുടെ ലക്ഷ്യം. കേരള ബാങ്ക് മുഖേന നൽകുന്ന വായ്പാധിഷ്ഠിതമായ തൊഴിലവസരങ്ങൾക്ക് പ്രത്യേക മാർഗ്ഗ നിർദ്ദേശത്തിനായി കേരള ബാങ്ക് സർക്കുലർ പുറപ്പെടുവിക്കേണ്ടതാണ്. സർക്കാർ തൊഴിലുകൾ സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രൊഫോർമ (1)ലും ജില്ലകളിലെ സഹകരണ സംഘങ്ങൾ നേരിട്ട് നൽകുന്ന വായ്പകൾ മുഖേനയുള്ള തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരം പ്രൊഫോർമ (2)ലും സഹകരണ സംഘം രജിസ്ട്രാർ ആഫീസ് മുഖേന ഈ പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് സർക്കാരിനെ അറിയിക്കേണ്ടതാണ്. 2020 ഡിസംബർ 17 മുതലുള്ള തൊഴിലവസരങ്ങളുടെ നിശ്ചിത ദിവസത്തെ കണക്കുകളാണ് സർക്കാരിൽ നൽകേണ്ടത്. (01/01/2021, 15/01/2021, 29/01/2021, 12/02/2021, 25/02/2021, 10/03/2021) ഇതിനായി 2020 ഡിസംബർ 17 മുതൽ ഡിസംബർ 31 വരെയുള്ള തൊഴിൽ വിവരങ്ങൾ ആദ്യ ദ്വൈവാര വിവരമായി 01/01/2021 ന് 3 മണിക്ക് മുമ്പായി നൽകേണ്ടതും തുടർന്നുള്ള ദ്വൈവാര റിപ്പോർട്ടുകൾ യഥാസമയം, പുതിയതായി ഉണ്ടാകുന്ന തൊഴിൽ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തി നൽകേണ്ടതുമാണ്. ഇതിന് അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), നെ നോഡൽ ആഫീസറായും, അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി.), അസിസ്റ്റന്റ് നോഡൽ ആഫീസറായും നിയോഗിക്കുന്നു.

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനും വിവര ശേഖരണത്തിനുമായി ജില്ലയിലെ എല്ലാ ജോയിന്റ് രജിസ്ട്രാർ ഓഫീസിലെയും ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)നെ ജില്ലാ നോഡൽ ആഫീസറായി ചുമതലപ്പെടുത്തുന്നു. അതാത് ജില്ലകളിലെ സഹകരണ സംഘങ്ങൾ മുഖേന നൽകുന്ന തൊഴിലവസരങ്ങളുടെ വിശദവിവരം അതിനായുള്ള പ്രത്യേക പ്രൊഫോർമ (2) ൽ ശേഖരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പ്രാധാനമായും PACS മറ്റ് സഹകരണ സംഘങ്ങൾ നേരിട്ട് നൽകുന്ന തൊഴിലവസരങ്ങളും (സ്ഥിരം, കരാർ, ദിനവേതനം, കമ്മിഷൻ എന്നിവ ഉൾപ്പെടെ) സഹകരണ സംഘങ്ങൾ നൽകുന്ന തൊഴിലധിഷ്ഠിത വായ്പകളിലൂടെ ഉണ്ടാകുന്ന തൊഴിലവസരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് തയ്യാറാക്കിയ സംസ്ഥാനതല ലക്ഷ്യം താഴെ പറയുന്നു.

**എ)സഹകരണ മേഖലയിൽ പൊതുവായി ഉണ്ടാകേണ്ട തൊഴിലവസരങ്ങൾ (ഏറ്റവും കുറഞ്ഞത്)**

| | |
|---|---|
| PACS മുഖേന -വായ്പകൾ മുഖാന്തിരം | 4150 എണ്ണം |
| കേരള ബാങ്ക് മുഖേന - വായ്പകൾ മുഖാന്തിരം | 5000 എണ്ണം |
| PACS കളുടെ സ്വന്തം പദ്ധതികൾ മുഖേന | 500 എണ്ണം |
| സഹകരണ അപ്പക്സ് ഫെഡറേഷനുകൾ മുഖേന | 50 എണ്ണം |
| വായ്പേതര സംഘങ്ങൾ | 200 എണ്ണം |
| സഹകരണ വകുപ്പ്/ബാങ്കുകൾ സംഘങ്ങൾ - സ്ഥിര നിയമനം | 100 എണ്ണം |
| ആകെ | **10,000 തൊഴിലുകൾ** |

**ബി)ജില്ലകളിൽ നടപ്പാക്കുന്ന തൊഴിലവസര വായ്പാ പദ്ധതി (ഏറ്റവും കുറഞ്ഞത്)**

| | വായ്പാ തുക | പദ്ധതി | തൊഴിലവസരം |
|---|---|---|---|
| 1 | 5 ലക്ഷം രൂപ വരെ | 1850 എണ്ണം | 1850<br>ഒരു പദ്ധതിക്ക് ഒരു തൊഴിൽ |
| 2 | 5-10 ലക്ഷം രൂപ വരെ | 400 എണ്ണം | 800<br>ഒരു പദ്ധതിക്ക് ശരാശരി 2 തൊഴിൽ വീതം |
| 3 | 10-25 ലക്ഷം രൂപ വരെ | 200 പദ്ധതി | 1000<br>ഒരു പദ്ധതിക്ക് ശരാശരി 5 തൊഴിൽ വീതം |
| 4 | 25 ലക്ഷം രൂപയ്ക്ക് മുകളിൽ | 50 പദ്ധതി | 500<br>ഒരു പദ്ധതിക്ക് ശരാശരി 10 തൊഴിൽ വീതം |
| 5 | ആകെ | 2500<br>പദ്ധതി<br>(വായ്പകൾ) | 4150<br>(തൊഴിലവസരങ്ങൾ) |

മേൽപ്രകാരം നൽകുന്ന വായ്പകൾ മുഖാന്തിരം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

ജില്ലാ ടാർജറ്റ് (ഏറ്റവും കുറഞ്ഞത്)

| ജില്ല | തൊഴിലുകളുടെ എണ്ണം (PACS വായ്പകൾ മുഖാന്തിരം) ടാർജറ്റ് | തൊഴിലുകളുടെ എണ്ണം (PACS സ്വന്തം പദ്ധതികൾ) ടാർജറ്റ് | തൊഴിലുകളുടെ എണ്ണം (വായ്പേതര സംഘങ്ങൾ) ടാർജറ്റ് | ആകെ തൊഴിലുകളുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 308 | 35 | 15 | 358 |
| കൊല്ലം | 269 | 40 | 16 | 325 |
| പത്തനംതിട്ട | 186 | 20 | 8 | 214 |
| ആലപ്പുഴ | 293 | 25 | 17 | 335 |
| കോട്ടയം | 365 | 65 | 19 | 449 |
| ഇടുക്കി | 93 | 15 | 9 | 117 |
| എറണാകുളം | 411 | 66 | 18 | 495 |
| തൃശ്ശൂർ | 402 | 26 | 15 | 443 |
| പാലക്കാട് | 405 | 35 | 19 | 459 |
| മലപ്പുറം | 379 | 48 | 15 | 442 |
| കോഴിക്കോട് | 341 | 43 | 13 | 397 |
| വയനാട് | 86 | 18 | 8 | 112 |
| കണ്ണൂർ | 411 | 36 | 15 | 462 |
| കാസർഗോഡ് | 201 | 28 | 13 | 242 |
| **ആകെ** | **4150** | **500** | **200** | **4850** |

**പലിശനിരക്ക്:-** കോവിഡ് മൂലം സംസ്ഥാനത്ത് തൊഴിൽ, വ്യാപാരം, വ്യവസായം എന്നീ മേഖലകളിൽ ഉണ്ടായിട്ടുള്ള മാന്ദ്യം കണക്കിലെടുത്ത് ഈ 100 ദിവസകാലയളവിൽ നൽകുന്ന മേൽ പ്രകാരമുള്ള വായ്പകൾക്ക് പലിശനിരക്ക് 9 ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു.

ജില്ലയിലെ ടാർജറ്റുകൾ പൂർത്തിയാക്കുന്നതിന് സഹകരണ സ്ഥാപനങ്ങളുടെ യോഗങ്ങൾ അടിയന്തിരമായി വിളിച്ചുകൂട്ടി വായ്പകൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ജോയിന്റ് രജിസ്ട്രാർമാർ സ്വീകരിക്കേണ്ടതാണ്. ഇതിനായി വായ്പാപരിധി, വ്യക്തിഗത വായ്പാപരിധി എന്നിവ വർദ്ധിപ്പിക്കേണ്ടതുണ്ടെങ്കിൽ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലകളിൽ അനുയോജ്യമായ തരത്തിൽ ടാർജറ്റിൽ കുറവ് വരാതെ വായ്പകളുടെ എണ്ണം പുനർനിശ്ചയിച്ച് ജോയിന്റ് രജിസ്ട്രാർമാർക്ക് നൽകാവുന്നതാണ്.

**സി) PACS-കളിൽ ഇതിനോടകം നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം സ്വന്തം നിലയിൽ സൃഷ്ടിക്കുന്ന തൊഴിലവസരങ്ങൾ**

മത്സ്യഫെഡുമായി സഹകരിച്ച ഫിഷ് മാർട്ടുകൾ, പച്ചക്കറി ചന്തകൾ, നീതിസ്റ്റോറുകൾ, നീതി മെഡിക്കൽ, തൊണ്ട് സംസ്കരണ യൂണിറ്റുകൾ, കാർഷിക ഉൽപ്പന്നങ്ങളുടെ ചെറുകിട സംസ്കരണ യൂണിറ്റുകൾ, സൂപ്പർമാർക്കറ്റുകൾ, സുഭിക്ഷ കേരളം / ഹരിതം സഹകരണം പദ്ധതി പ്രകാരം ഉണ്ടാകുന്ന തൊഴിലവസരങ്ങൾ തുടങ്ങിയ പദ്ധതികളിലൂടെ 500 തൊഴിലുകൾ സംബന്ധിച്ച കണക്കുകളും പ്രത്യേക അടിയന്തിര നടപടികൾ സ്വീകരിച്ച് നടപ്പാക്കുകയും അവ

ജില്ലയിലെ പ്രൊഫോർമ (2) ൽ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ നോഡൽ ആഫീസർമാർക്ക് നൽകേണ്ടതുമാണ്.

ഡി) സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ നേരിട്ട് നടത്തുന്ന പദ്ധതികൾ **മുഖാന്തിരം തൊഴിലവസരങ്ങൾ**

| | |
|---|---|
| കൺസ്യൂമർഫെഡ് | 15 തൊഴിലവസരം |
| മാർക്കറ്റ്ഫെഡ് | 5 തൊഴിലവസരം |
| വനിതാ ഫെഡ് | 15 തൊഴിലവസരം |
| റബ്ബർമാർക്ക് | 3 തൊഴിലവസരം |
| എസ്.സി/എസ്.ടി ഫെഡ് | 12 തൊഴിലവസരം |
| **ആകെ** | **50 തൊഴിലവസരം** |

മേൽപ്രകാരം തൊഴിൽ നൽകിയത് സംബന്ധിച്ച വിവരങ്ങൾ പ്രൊഫോർമ (2) ൽ നിശ്ചിത സമയങ്ങളിൽ നൽകേണ്ടത് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ബന്ധപ്പെട്ട സെഷനുകളാണ്. അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) ടി പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കേണ്ടതുമാണ്.

ഇ) സർക്കാർ മേഖലയിലെ വിവരങ്ങൾ ഈ ആഫീസിലെ എസ്റ്റാബ്ലിഷ് മെന്റ് സെഷൻ നിശ്ചിത പ്രൊഫോർമ (1)ൽ നൽകണം. ടി ചുമതലയുടെ മേൽനോട്ടം അഡീഷണൽ രജിസ്ട്രാർ (ജനറൽ) നിർവ്വഹിക്കണം.

എഫ്) സഹകരണ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ മുതലായ സ്ഥാപനങ്ങളിലെ തൊഴിൽ സംബന്ധമായ വിവരങ്ങൾ പ്രൊഫോർമ (2) ൽ ഇ.എം. സെഷൻ ക്രോഡീകരിച്ച് നൽകണം.

ജി) കേരളാ ബാങ്ക് 100 ദിവസ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്ന വായ്പകൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകേണ്ടതും അവ മുഖാന്തിരം ഉണ്ടാകുന്ന തൊഴിൽ അവസരങ്ങളുടെ വിവരങ്ങൾ പ്രൊഫോർമ 2-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നിശ്ചിത സമയങ്ങളിൽ നൽകേണ്ടതുമാണ്.

മേൽ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് അതാത് ജില്ലകളിലെ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മേൽനോട്ടം വഹിക്കേണ്ടതും ഓരോ ആഴ്ചയിലുമുള്ള വിവര ശേഖരണവും, പുരോഗതി റിപ്പോർട്ടും കൃത്യസമയത്തി നുള്ളിൽ e-mail id – coop100daysprogramme@gmail.com-ൽ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. പദ്ധതി പുരോഗതിയുടെ വിലയിരുത്തൽ റിപ്പോർട്ട് എല്ലാ ആഴ്ചയിലും ബഹു. സഹകരണ വകുപ്പ് മന്ത്രി നേരിട്ട് നടത്തുന്നതും അതിനായുള്ള യോഗത്തിൽ ജോയിന്റ് രജിസ്ട്രാർമാർ നിർബന്ധമായും പങ്കെടുക്കേണ്ടതുമാണ്.

## PROFORMA-1 (in Excel format)

Govt-Department-PSU - സർക്കാർ മേഖല മാത്രം

| Administrative Department | Department /PSU/ Organisation where posting is done | Type of Job-Permanent/Contract | Name of Employee | Designation | District | Village |
|---|---|---|---|---|---|---|
| | | | | | | |

## PROFORMA -2 (in Excel format)

Private Sector – ജില്ലകളിലെയും സംസ്ഥാന തലത്തിലുള്ളതുമായ സഹകരണ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ (വായ്പകൾ മുഖാന്തിരം സൃഷ്ടിക്കപ്പെട്ട തൊഴിൽ ഉൾപ്പെടെ)

| Sl No | Administrative Department | Line Department | Name of Private Sector Organisation | Type of Employment (Direct/Loan | Name of Beneficiary | Village | District | No. of Jobs Created |
|---|---|---|---|---|---|---|---|---|
| | | | | | | | | |

ഒപ്പ്/-
ഡോ. നരസിംഹഗരി റ്റി.എൽ.റെഡ്ഡി ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് –
1. സെക്രട്ടറി, സഹകരണ വകുപ്പ്
2. പ്രൈവറ്റ് സെക്രട്ടറി, ബഹു. സഹകരണ വകുപ്പ് മന്ത്രി
3. സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
4. ജോയിന്റ് ഡയറക്ടർമാർ (ആഡിറ്റ്)
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർമാർ (ആഡിറ്റ്)
6. ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ), അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ), അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി.), ജോയിന്റ് രജിസ്ട്രാർ (SC/ST), ജോയിന്റ് രജിസ്ട്രാർ (Marketing)
7. ഈ ആഫീസിലെ ബന്ധപ്പെട്ട എല്ലാ ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവർക്ക്
8. മാനേജിംഗ് ഡയറക്ടർ/സി.ഇ.ഒ., കേരളാ ബാങ്ക്
9. മാനേജിംഗ് ഡയറക്ടർ കൺസ്യൂമർഫെഡ്, മാർക്കറ്റ്ഫെഡ്, വനിതാ ഫെഡ്, റബ്ബർമാർക്ക്, എസ്.സി/എസ്.ടി ഫെഡ്
10. സഹകരണ വീഥി
11. സഹകരണ ജേർണൽ
12. വെബ് സൈറ്റ്

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി)